No. CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## <u>വിജ്ഞാപനം</u>

## <u>KEAM 2017</u>

### <u>പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം</u>

2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **16.07.2017** ന് ആരംഭിക്കുന്നതാണ്. **<u>ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകൾക്കുപുറമെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലേയ്ക്ക് കൂടി അലോട്ട്മെന്റ് നടത്തുന്നതാണ്.</u>** എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാമത്തെ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ, മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **16.07.2017** മുതൽ **19.07.2017**, **3 pm** വരെ ലഭ്യമാകുന്നതാണ്. **19.07.2017**, **3 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **20.07.2017**-ന് വൈകുന്നേരം മൂന്നാമത്തെ അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള ഫീസ്/ബാക്കി തുക സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (**SBI**) തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഒടുക്കി **25.07.2017**–ന് വൈകുന്നേരം **5** മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടിയിരിക്കണം. **SBI** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

മൂന്നാം ഘട്ടത്തിൽ മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോ പ്രകാരമുള്ള ഫീസ് മേൽ പറഞ്ഞ പ്രകാരം ഒടുക്കി **30.07.2017**–ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടിയിരിക്കണം.

**<u>മൂന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ:</u>**

| | |
|---|---|
| **15.07.2017** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **19.07.2017 (3 pm)** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **20.07.2017** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **22.07.2017 to 25.07.2017** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഫീസ്/ബാക്കി തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **25.07.2017, 5.30 pm** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |
| **22.07.2017 to 30.07.2017** | മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഫീസ്/ബാക്കി തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **30.07.2017, 5.30 pm** | മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** കൂടാതെ ഇവരുടെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അലോട്ട്മെന്റ് നിലനിർത്തുന്നതായിരിക്കും. **രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവർ മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. ആദ്യ രണ്ടു ഘട്ടങ്ങളിലും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.**

ഈ ഘട്ടത്തിൽ പുതുതായി താഴെപറയുന്ന കോളേജിലേയ്ക്കും/കോഴ്സിലേയ്ക്കും പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

| നം. | കോളേജുകൾ | അനുബന്ധം |
|---|---|---|
| 1. | സർക്കാർ മെഡിക്കൽ കോളേജുകൾ | I |
| 2. | സർക്കാർ ഡന്റൽ കോളേജുകൾ | II |
| 3. | സർക്കാർ/എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകൾ | III |
| 4. | കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ | IV |
| 5. | കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകൾ | V |
| 6. | കേരള ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകൾ | VI |

## ഫീസ് നിരക്ക്

| | | |
|---|---|---|
| എം ബി ബി എസ് | സർക്കാർ മെഡിക്കൽ കോളേജുകൾ | **25,000/- രൂപ** |
| ബി ഡി എസ് | **സർക്കാർ ഡന്റൽ കോളേജുകൾ** | **23,000/- രൂപ** |
| ആയുർവേദ (BAMS) | **സർക്കാർ/എയ്ഡഡ് ആയുർവേദ മെഡിക്കൽ കോളേജുകൾ** | **Rs.12,000/-** |
| അഗ്രികൾച്ചർ [ബി.എസ്.സി (Hons) അഗ്രികൾച്ചർ]<br>ഫോറസ്ട്രി [ബി.എസ്.സി (Hons) ഫോറസ്ട്രി] | കേരള **അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | **7,500/- രൂപ** (Per Semester Tuition Fee) |
| വെറ്ററിനറി & അനിമൽ സയൻസ് [ബി.വി.എസ്.സി & എ.എച്ച്] | കേരള **വെറ്ററിനറി യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | **Rs 19,800/-** (Per Annum) |
| ഫിഷറീസ് [ബി.എഫ്.എസ്.സി] | കേരള **ഫിഷറീസ് & ഓഷ്യൻ സയൻസ് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള കോളേജുകൾ** | **Rs.6,050/-** (Per Semester Tuition Fee) |

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**കുറിപ്പ്:** 20.07.2017 ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും എല്ലാ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2017 ജൂലൈ 25-ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(c) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

മൂന്നാം ഘട്ടത്തിനു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകളുടെ ലഭ്യത, 25.07.2017 ന് ശേഷം ഇത്തരം കോളേജുകളിൽ നിന്നും വിടുതൽ നേടുന്ന വിദ്യാർത്ഥികൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് എന്നിവ 22.06.2017 ലെ GO(Ms)No. 166/2017/H.Edn, 23.06.2017 ലെ GO(Ms)No. 170/2017/H.Edn, 23.06.2017 ലെ GO(Ms)No. 169/2017/H.Edn എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിൽ (കേരള കത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെ) പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് 25.07.2017 ന് ശേഷം മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും കോളേജിൽ നിന്നും വിടുതൽ നേടുകയും ചെയ്യുന്ന പക്ഷം അവർ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ അവർക്ക് കോളേജിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.

**ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രോസ്പെക്ടസിലെയും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
15.07.2017

## Annexure -I
## List of Government Medical Colleges

| | | |
|---|---|---|
| 1 | ALP | Govt.T D Medical College, Alappuzha |
| 2 | CMC | Govt. Medical College, Ernakulam |
| 3 | KKM | Govt. Medical College, Kozhikode |
| 4 | KLM | Govt. Medical College, Kollam |
| 5 | KTM | Govt. Medical College, Kottayam |
| 6 | MLP | Govt. Medical College, Manjeri, Malappuram |
| 7 | PKM | Govt. Medical College, Palakkad |
| 8 | TCM | Govt. Medical College, Thrissur |
| 9 | TVM | Govt. Medical College, Thiruvananthapuram |

## Annexure -II
## List of Government Dental Colleges

| | | |
|---|---|---|
| 1 | ALD | Govt. Dental College, Alappuzha |
| 2 | KKD | Govt. Dental College, Kozhikkode |
| 3 | KTD | Govt. Dental College, Kottayam |
| 4 | TCD | Govt. Dental College, Thrissur |
| 5 | TVD | Govt. Dental College, Thiruvananthapuram |

## Annexure -III
## List of Ayurveda Medical Colleges

Government Ayurveda Colleges

| | | |
|---|---|---|
| 1 | KNA | Government Ayurveda College, Medical College P O, Pariyaram, Kannur- 670 503 |
| 2 | TPA | Government Ayurveda College, Dhanwanthari Nagar, Tripunithura, Ernakulam – 682 301 |
| 3 | TVA | Government Ayurveda College, G P O, Thiruvananthapuram- 695 001 |

Aided Ayurveda Colleges

| | | |
|---|---|---|
| 4 | KTL | VPSV Ayurveda College, Edarikode P O, Kottakkal, Malappuram |
| 5 | OLR | Vaidyaretnam Ayurveda College, Thaikkattussery P.O., Ollur, Thrissur |

## Annexure -IV
## List of Colleges Under Agricultural University

| | | |
|---|---|---|
| 1 | COA | College of Agriculture, Vellayani P O, Thiruvananthapuram – 695 522 |
| 2 | COH | College of Horticulture, Vellanikkara, KAU P O, Thrissur – 680 656 |
| 3 | CON | College of Agriculture, Padannakkad P O, Kasaragod – 671 328 |
| 4 | COR | College of Forestry, Vellanikkara, KAU P O, Thrissur – 680 656 |

## Annexure -V
## List of Colleges Under Kerala Veterinary & Animal Sciences University

| | | |
|---|---|---|
| 1 | TCV | College of Veterinary and Animal Sciences, Mannuthy P O, Thrissur - 680651 |
| 2 | WYV | College of Veterinary and Animal Sciences, Lakkidi P O, Pookot, Wayanad – 673 576 |

## Annexure -VI
## College Under Kerala University of Fisheries & Ocean Studies

| | | |
|---|---|---|
| 1 | COF | Kerala University of Fisheries and Ocean Studies, Panangad P O, Ernakulam - 682 506 |